# UNIT 5
# പ്രകാശത്തിന്റെ അപവർത്തനം

**03/01/2021 – Class 47**

## Assignment Answer

ഒരു കോൺവെക്സ് ലെൻസിനു മുന്നിൽ 30 cm അകലെ ഒരു വസ്തു വച്ചപ്പോൾ ലെൻസിൽ നിന്നു 60 cm അകലെയായി യഥാർഥ പ്രതിബിംബം ലഭിച്ചു. ഈ ലെൻസിന്റെ ഫോക്കസ് ദൂരം എത്ര?

ലെൻസിൽ നിന്നു വസ്തുവിലേക്കുള്ള ദൂരം **(u) = - 30 cm**

ലെൻസിൽ നിന്നു പ്രതിബിംബത്തിലേക്കുള്ള ദൂരം**(v) = + 60 cm** (യഥാർഥ പ്രതിബിംബം ആയതിനാൽ v പോസിറ്റീവാണ്)

ഫോക്കസ് ദൂരം **(f) = uv / (u-v)**

**= (-30 X +60) / (-30 - +60)**
**= - 1800 / -90 = + 20 cm**

## Activity 1

വസ്തുവിന്റെ ഉയരവും പ്രതിബിംബത്തിന്റെ ഉയരവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ഇതിനെ വസ്തുവിലേക്കുള്ള ദൂരവും പ്രതിബിംബത്തിലേക്കുള്ള ദൂരവും തമ്മിലുള്ള അനുപാതവുമായി ബന്ധപ്പെടുത്താമോ?

**ചർച്ച**

- ഒരു ലെൻസിനു മുന്നിൽ ഒരു വസ്തു വിവിധ സ്ഥാനങ്ങളിലായി വയ്ക്കുമ്പോൾ ലഭിക്കുന്ന പ്രതിബിംബങ്ങളുടെ ഉയരത്തിന് വ്യത്യാസമുണ്ടാകുന്നില്ലേ ? **ഉണ്ട്.**
- പ്രതിബിംബത്തിന്റെ ഉയരവും വസ്തുവിന്റെ ഉയരവും തമ്മിലുള്ള അനുപാതസംഖ്യയാണ്? **ആവർധനം.**

**ആവർധനം (m)**

വസ്തുവിന്റെ ഉയരത്തെ അപേക്ഷിച്ച് പ്രതിബിംബത്തിന്റെ ഉയരം എത്ര മടങ്ങാണ് എന്ന് സൂചിപ്പിക്കുന്നതാണ് **ആവർധനം (Magnification).**

**ആവർധനം (m) = പ്രതിബിംബത്തിന്റെ ഉയരം (hi) / വസ്തുവിന്റെ ഉയരം (ho)**

വസ്തുവിലേക്കുള്ള അകലം **u** ഉം പ്രതിബിംബത്തിലേക്കുള്ള അകലം **v** യും ആയാൽ,

**ആവർധനം (m) = v / u**

## Activity 2

ഒരു ലെൻസിൽ നിന്ന് 15 cm അകലെയായി 5 cm ഉയരമുള്ള ഒരു വസ്തു വച്ചപ്പോൾ 30 cm അകലെയായി രൂപപ്പെടുന്ന യഥാർഥ പ്രതിബിംബത്തിന്റെ ഉയരമെത്ര?

ലെൻസിൽ നിന്ന് വസ്തുവിലേക്കുള്ള ദൂരം **(u) = -15 cm**

ലെൻസിൽ നിന്ന് പ്രതിബിംബത്തിലേക്കുള്ള ദൂരം **(v) = +30 cm** (യഥാർഥ പ്രതിബിംബമായതിനാൽ v പോസിറ്റീവ് ആണ്)

വസ്തുവിന്റെ ഉയരം **(ho) = +5cm** (X അക്ഷത്തിന് മുകളിലേക്കുള്ള ദൂരം പോസിറ്റീവ് ആണ്)

ആവർധനം **(m) = v/u = 30 / -15 = - 2**

ആവർധനം, **m = hi/ho**

hi = m X ho = -2 X 5 = **-10 cm**

പ്രതിബിംബത്തിന്റെ ഉയരം (hi) = **- 10 cm**

പ്രതിബിംബത്തിന്റെ ഉയരം **നെഗറ്റീവ്** (X അക്ഷത്തിന് താഴേക്കുള്ള ദൂരം) ആയതിനാൽ പ്രതിബിംബം **യഥാർ ഥവും തലകീഴായതുമായിരിക്കും.**

## Activity 3

ഒരു ലെൻസിൽ നിന്ന് 60 cm അകലെയായി 6 cm ഉയരമുള്ള ഒരു വസ്തു വച്ചപ്പോൾ 1.2 m അകലെയായി യഥാർഥ പ്രതിബിംബം രൂപപ്പെടുന്ന എങ്കിൽ, ഇതേ ലെൻസിൽ നിന്നും 30 cm അകലത്തിൽ വസ്തു വയ്ക്കുമ്പോൾ രൂപപ്പെടുന്ന പ്രതിബിംബത്തിന്റെ ഉയരമെത്ര?

ലെൻസിൽ നിന്ന് വസ്തുവിലേക്കുള്ള ദൂരം **(u) = -60 cm**

ലെൻസിൽ നിന്ന് പ്രതിബിംബത്തിലേക്കുള്ള ദൂരം **(v) = +1.2 m = 120 cm** (യഥാർഥ പ്രതിബിംബമായതിനാൽ v പോസിറ്റീവാണ്)

വസ്തുവിന്റെ ഉയരം **(ho) = + 6 cm**

ഫോക്കസ് ദൂരം (f) = uv / (u-v)

= -60 X +120 / (-60 - +120)
= -7200 / - 180 = **+ 40 cm**

ലെൻസിൽ നിന്ന് വസ്തുവിലേക്കുള്ള ദൂരം **(u) = - 30 cm,** ആയാൽ

ലെൻസിൽ നിന്ന് പ്രതിബിംബത്തിലേക്കുള്ള ദൂരം **(v) = uf / (u+f)**

= -30 X +40 / (-30 + 40)
= - 1200 / +10 = **-120 cm**

ആവർധനം **(m) = v/u**

**= -120 / - 30 = + 4**

ആവർധനം, m = hi / ho

പ്രതിബിംബത്തിന്റെ ഉയരം **(hi) = m X ho**

**= +4 X +6 = + 24 cm**

പ്രതിബിംബത്തിന്റെ ഉയരം **പോസിറ്റീവ്** (X അക്ഷത്തിന് മുകളിലേക്കുള്ള ദൂരം) ആയതിനാൽ **പ്രതിബിംബം മിഥ്യയും നിവർന്നതും** ആണ്.

**<u>നിഗമനം</u>**

- ആവർധനം **നെഗറ്റീവ്** ആകുമ്പോൾ പ്രതിബിംബം **യഥാർഥവും തലകീഴായതും** ആയിരിക്കും.
- ആവർധനം **പോസിറ്റീവ്** ആകുമ്പോൾ പ്രതിബിംബം **മിഥ്യയും നിവർന്നതും** ആയിരിക്കും.

## Activity 4

വിവിധതരം ലെൻസുകളും അവ രൂപപ്പെടുത്തുന്ന പ്രതിബിംബങ്ങളുടെ സവിശേഷതകളും മനസ്സിലാക്കിയല്ലോ.

**<u>ലെൻസുകൾ ഉപയോഗിക്കുന്ന ഉപകരണങ്ങൾ</u>**

- ടെലസ്കോപ്പിൽ
- കണ്ണടകളിൽ
- കാമറയിൽ
- മൈക്രോസ്കോപ്പിൽ
- പ്രൊജക്ടറിൽ

## Activity 5

**ചർച്ച**

- കണ്ണടകളിൽ ഒരേതരം ലെൻസുകളാണോ ഉപയോഗിക്കുന്നത്? **അല്ല.**
- കണ്ണടകളിൽ ഉപയോഗിക്കുന്ന ലെൻസുകൾക്ക് ഒരേ പവറാണോ? **അല്ല.**
- ഒരു ലെൻസിന്റെ പവർ എന്നാൽ എന്താണ്? **മീറ്ററിലുള്ള ഫോക്കസ് ദൂരത്തിന്റെ വ്യുൽക്രമമാണ് ലെൻസിന്റെ പവർ.**

**നിഗമനം**

➔ ലെൻസിന്റെ **ഫോക്കസ് ദൂരവുമായി** ബന്ധപ്പെട്ട പദമാണ് **ലെൻസിന്റെ പവർ.**

➔ മീറ്ററിലുള്ള ഫോക്കസ് ദൂരത്തിന്റെ വ്യുൽക്രമത്തെയാണ് **ലെൻസിന്റെ പവർ** എന്നു പറയുന്നത്.

➔ **പവർ (p) = 1 / f**

➔ ലെൻസിന്റെ പവറിന്റെ **യൂണിറ്റ് ഡയോപ്റ്റർ ആണ്.** ഇത് **D** എന്ന അക്ഷരംകൊണ്ട് സൂചിപ്പിക്കുന്നു

➔ കോൺവെക്സ് ലെൻസിന്റെ **പവർ പോസിറ്റീവും** കോൺകേവ് ലെൻസിന്റെ **പവർ നെഗറ്റീവും** ആണ്.

## Activity 6

+2D പവറുള്ള ഒരു കോൺവെക്സ് ലെൻസിന്റെ ഫോക്കസ് ദൂരം എത്ര?

പവർ **(p) = + 2 D**

$p = 1 / f$

$f = 1/p = 1/+2 = +0.5$ m = **+50 cm**

ലെൻസിന്റെ ഫോക്കസ് ദൂരം = **+50 cm**

## Activity 7

രാത്രിയിൽ നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നതിന് കാരണമെന്താണ്?

**ചർച്ച**

- അന്തരീക്ഷത്തിലെ വിവിധ പാളികളിലെ താപനില ഒരു പോലെയാണോ? **അല്ല.**
- താപനിലയിലുള്ള ഈ വ്യത്യാസം മൂലം അന്തരീക്ഷത്തിലെ വിവിധ പാളികളിലെ പ്രകാശികസാന്ദ്രത എങ്ങനെയായിരിക്കും? **അവയുടെ പ്രകാശികസാന്ദ്രതയും വ്യത്യസ്തമായിരിക്കും.**
- വ്യത്യസ്ത പ്രകാശികസാന്ദ്രതയുള്ള മാധ്യമങ്ങളിലൂടെ പ്രകാശം സഞ്ചരിക്കുമ്പോൾ എന്തു സംഭവിക്കുന്നു? **പ്രകാശത്തിന് തുടർച്ചയായി അപവർത്തനം സംഭവിക്കുന്നു.**

**നക്ഷത്രങ്ങൾ മിന്നുന്നതിനുള്ള കാരണം**

➔ അകലെയുള്ള നക്ഷത്രത്തിൽ നിന്നു വരുന്ന പ്രകാശം അന്തരീക്ഷത്തിലെ വിവിധ പാളികളിലൂടെ സഞ്ചരിക്കുന്നു.

➔ ഓരോ പാളികൾക്കും **വ്യത്യസ്ത പ്രകാശികസാന്ദ്രതയാണ്.**

➔ അതിനാൽ പ്രകാശത്തിന് **തുടർച്ചയായി അപവർത്തനം** സംഭവിക്കുന്നു.

➔ നക്ഷത്രങ്ങൾ വളരെ അകലെയായതിനാൽ അത് ഒരു **ബിന്ദുസ്രോതസ്സുപോലെ** അനുഭവപ്പെടുന്നു.

➔ അതിൽനിന്നു വരുന്ന പ്രകാശരശ്മി അപവർത്തനം കഴിഞ്ഞ് കണ്ണിലെത്തുമ്പോൾ **മറ്റു പല ബിന്ദുക്കളിൽ നിന്നും വരുന്നതുപോലെ** തോന്നും.

**വിലയിരുത്താം**

1. വിവിധ പദാർഥങ്ങളുടെ അപവർത്തനാങ്കം പട്ടികയിൽ കൊടുത്തിരിക്കുന്നു. പ്രകാശം ഏതു മാധ്യമത്തിലൂടെയാണ് കൂടിയ വേഗതയിൽ സഞ്ചരിക്കുന്നതെന്ന് കണ്ടെത്തുക?

| മാധ്യമം | അപവർത്തനാങ്കം |
|---|---|
| ഗ്ലാസ് | 1.52 |
| ഗ്ലിസറിൻ | 1.47 |
| സൺഫ്ളവർ ഓയിൽ | 1.47 |
| ജലം | 1.33 |
| ഫ്ളിന്റ്ഗ്ലാസ് | 1.62 |

**ജലത്തിലൂടെയാണ് പ്രകാശം ഏറ്റവും കൂടുതൽ വേഗതയിൽ സഞ്ചരിക്കുന്നത്. കാരണം തന്നിരിക്കുന്ന മാധ്യമങ്ങളിൽ അപവർത്തനാങ്കം ഏറ്റവും കുറവ് ജലത്തിനാണ്. അതിനാൽ പ്രകാശികസാന്ദ്രത കുറവായിരിക്കും.**

2. രണ്ടു ലെൻസുകൾ ഉപയോഗിച്ച് നടത്തിയ പരീക്ഷണങ്ങളിൽ ലഭിച്ച പ്രതിബിംബങ്ങളുടെ സ്വഭാവം തന്നിരിക്കുന്നു.

(i) നിവർന്നതും വലുതുമായ മിഥ്യാപ്രതിബിംബം. - **കോൺവെക്സ് ലെൻസ്**

(ii) നിവർന്നതും ചെറുതുമായ മിഥ്യാപ്രതിബിംബം. - **കോൺകേവ് ലെൻസ്.**

(a) ഇവ ഓരോന്നും ഏതുതരം ലെൻസുകളാണ്?

(b) ഇവയിൽ ഏത് ലെൻസുപയോഗിച്ചാണ് വസ്തുവിന്റെ അതേ വലുപ്പത്തിലുള്ള പ്രതിബിംബം ലഭ്യമാക്കാൻ കഴിയുന്നത്? വസ്തുവിന്റെ സ്ഥാനം എവിടെയായിരിക്കും?

**കോൺവെക്സ് ലെൻസ്. വസ്തു 2F ൽ**

4.ലെൻസിന്റെ പവർ എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നത്? പവറിന്റെ SI യൂണിറ്റ് ഏത്? 25 cm ഫോക്കസ് ദൂരമുള്ള കോൺകേവ് ലെൻസിന്റെ പവർ കണക്കാക്കുക?

- മീറ്ററിലുള്ള ഫോക്കസ് ദൂരത്തിന്റെ വ്യുൽക്രമത്തെയാണ് **ലെൻസിന്റെ പവർ** എന്നു പറയുന്നത്.
- ലെൻസിന്റെ പവറിന്റെ SI യൂണിറ്റ് – **ഡയോപ്റ്റർ (D).**

  ഫോക്കസ് ദൂരം **(f) = -25 cm = - 0.25 m**
- പവർ **(p) = 1/f = 1/ -0.25 = - 4 D**

5) ചിത്രം നിരീക്ഷിക്കുക. രണ്ടു വ്യത്യസ്ത മാധ്യമങ്ങളിൽ പ്രകാശരശ്മി പതിക്കുന്നത് ചിത്രീകരിച്ചിരിക്കുന്നു.






(a) ഏതു മാധ്യമത്തിനാണ് പ്രകാശികസാന്ദ്രത കൂടുതലുണ്ടാവുക? എന്തുകൊണ്ട്?

**മാധ്യമം *1.* ഒരേ മാധ്യമത്തിൽ (വായു) ഒരേ കോണളവിലാണ് ($40^0$) പ്രകാശരശ്മി പതിച്ചത്. പതനകോൺ തുല്യമാണെങ്കിലും അപവർത്തനകോൺ വ്യത്യാസപ്പെടുന്നു. കുറഞ്ഞ അപവർത്തന കോണുള്ള മാധ്യമത്തിനായിരിക്കും ( മാധ്യമം *1)* പ്രകാശികസാന്ദ്രത കൂടുതൽ.**

(b) ഏതു മാധ്യമത്തിന്റെ അപവർത്തനാങ്കമാണ് കൂടുതൽ?

**മാധ്യമം 1, പ്രകാശികസാന്ദ്രത കൂടുതലുള്ള മാധ്യമത്തിന്റെ അപവർത്തനാങ്കവും കൂടുതലായിരിക്കും.**

6) ഒരു കോൺവെക്സ് ലെൻസിന് മുന്നിൽ 30 cm അകലെയായി 3 cm ഉയരമുള്ള ഒരു വസ്തു വച്ചിരിക്കുന്നു. ലെൻസിന്റെ ഫോക്കസ് ദൂരം 20 cm ആണ്.

(a) പ്രതിബിംബത്തിലേക്കുള്ള അകലമെത്ര?

ഫോക്കസ് ദൂരം **(f) = + 20 cm**

ലെൻസിൽ നിന്ന് വസ്തുവിലേക്കുള്ള ദൂരം **(u) = - 30 cm**

ലെൻസിൽ നിന്ന് പ്രതിബിംബത്തിലേക്കുള്ള ദൂരം **(v) = uf / (u+f)**

= -30 X +20 / (-30 +20)

= -600 / -10 = **+60 cm**

(b) പ്രതിബിംബത്തിന്റെ സ്വഭാവമെന്ത്? **യഥാർഥം, തലകീഴായത്, വലുത്.**

(c) പ്രതിബിംബത്തിന്റെ ഉയരമെത്ര?

ആവർധനം **(m) = v/u = 60/ -30 = -2**

വസ്തുവിന്റെ ഉയരം (ho) = **+3 cm**

m = hi/ho

പ്രതിബിംബത്തിന്റെ ഉയരം (hi) = **m X ho = -2 X +3 = - 6 cm**

7) പട്ടികയിൽ ചില സുതാര്യമാധ്യമങ്ങളുടെ കേവല അപവർത്തനാങ്കം തന്നിരിക്കുന്നു.

| പദാർഥം | അപവർത്തനാങ്കം |
|---|---|
| വായു | 1.0003 |
| ജലം | 1.33 |
| മണ്ണെണ്ണ | 1.44 |
| ടർപെന്റയിൻ ഓയിൽ | 1.47 |
| ക്രൗൺ ഗ്ലാസ് | 1.52 |
| വജ്രം | 2.42 |

(a) പട്ടികയിൽ നൽകിയിരിക്കുന്നവയിൽ ഏറ്റവും കൂടിയ പ്രകാശികസാന്ദ്രതയുള്ള മാധ്യമവും ഏറ്റവും കുറഞ്ഞ പ്രകാശികസാന്ദ്രതയുള്ള മാധ്യമവും കണ്ടെത്തി എഴുതുക?

**കൂടിയത് – വജ്രം, കുറഞ്ഞത് - വായു**

(b) വായുവിലൂടെയുള്ള പ്രകാശത്തിന്റെ പ്രവേഗം $3 \times 10^8$ m/s, ആണെങ്കിൽ മണ്ണെണ്ണയിലൂടയുള്ള പ്രകാശവേഗം എത്രയായിരിക്കും?

വായുവിലൂടെയുള്ള പ്രകാശത്തിന്റെ പ്രവേഗം **(c) = $3 \times 10^8$ m/s**

മണ്ണെണ്ണയുടെ കേവല അപവർത്തനാങ്കം **(n) = 1.44**

കേവല അപവർത്തനാങ്കം **(n) = c / v**

മണ്ണെണ്ണയിലൂടെയുള്ള പ്രകാശത്തിന്റെ പ്രവേഗം **(v) = c/n = $3X10^8$ / 1.44 = 2.08X $10^8$ m/s**

(c) വായുവിൽ നിന്ന് വജ്രത്തിലേക്ക് പ്രകാശരശ്മി ചരിഞ്ഞു പതിക്കുമ്പോൾ അപവർത്തനരശ്മി ലംബത്തോട് അടുക്കുമോ അകലുമോ?

**അപവർത്തനാങ്കം കുറഞ്ഞ മാധ്യമത്തിന് പ്രകാശികസാന്ദ്രത കുറവായിരിക്കും. അതിനാൽ വായുവിൽ നിന്ന് വജ്രത്തിലേക്ക് പോകുമ്പോൾ പ്രകാശരശ്മി ലംബത്തോട് അടുക്കുന്നു.**

(d) വജ്രത്തിന്റെ അപവർത്തനാങ്കം 2.42 ആണ്. ഇതുകൊണ്ട് അർഥമാക്കുന്നത് എന്താണ്? വജ്രത്തിലൂടെയുള്ള പ്രകാശവേഗം കണക്കാക്കുക?

**വജ്രത്തിലൂടെയുള്ള പ്രകാശവേഗത്തിന്റെ 2.42 മടങ്ങ് വേഗതയിൽ വായുവിലൂടെ പ്രകാശം സഞ്ചരിക്കും.**

വായുവിലൂടെയുള്ള പ്രകാശത്തിന്റെ പ്രവേഗം **(c) = $3 \times 10^8$ m/s**

വജ്രത്തിന്റെ കേവല അപവർത്തനാങ്കം **(n) = 2.42**

കേവല അപവർത്തനാങ്കം **(n) = c / v**

വജ്രത്തിലൂടെയുള്ള പ്രകാശവേഗം **(v) = c/n = $3X10^8$ / 2.42 = 1.24X $10^8$ m/s**